നേരിടുകയാണ്.....(ബഹളം)..... അതുകൊണ്ട് അങ്ങ് ഇടപെട്ട് കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണ മെന്നഭ്യർത്ഥിക്കുന്നു .....(ബഹളം)..... ഞാൻ അവതരിപ്പിച്ചു ഇനി മറുപടി പറയണം.....(ബഹളം).....

മി. സ്പീക്കർ : (ബഹളം) ..... ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി..... (ബഹളം).....

.....(ബഹളം) .....

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം കൊടുക്കുന്നതിനുള്ള നിയമം 1999-ലാണ് നിലവിൽ വന്നത്. 533 കേസുകളിൽ വിചാരണ നടന്നു. 80 കേസുകളിൽ വിധി പ്രഖ്യാപിച്ചു. 10 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. കോടതിയിൽ നിന്ന് പലരും സ്റ്റേ വാങ്ങിയതിനെത്തുടർന്ന് ..... (ബഹളം) ..... കോടതി നടപടികളിൽ ഇപ്പോൾ കാലതാമസം വരുത്തിയിരിക്കുകയാണ്. കഴിയുന്നതും വേഗം കോടതിയുടെ നടപടികളിൽ മാറ്റം വരുത്തി തീർപ്പാക്കി കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ് .....(ബഹളം) .....

(7) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെയും ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് 1986-നു ശേഷം 14 വർഷമായിട്ടും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല. മറ്റു സർക്കാർ ജീവനക്കാർക്കും കോളേജധ്യാപകർക്കും മുന്നു പ്രാവശ്യം ശമ്പള പരിഷ്ക്കരണം ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ കുറവായതും അധ്യാപകരുടെ എണ്ണം അധികമില്ലാത്തതുകൊണ്ടുമാണ് ഈ വിഭാഗത്തിന്റെ ആവശ്യങ്ങൾ ഒരു പ്രധാനപ്പെട്ട പ്രശ്നമായിട്ട് ഉയർന്നുവരാത്തത്. ചില സമരങ്ങളുമായിട്ട് അധ്യാപകരും ജീവനക്കാരും മുന്നോട്ടുപോകുകയാണ്. കേരളത്തിൽ തന്നെ ആർ. ഇ. സി. കഴിഞ്ഞ ജനുവരി മുതൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇതിനകം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. എം. എച്ച്. ആർ. ഡി. 1-1-1996 മുതൽ 31-3-2000-വരെയുള്ള കാലയളവിൽ സാമ്പത്തികമായിട്ട് അധികം വരുന്നതിന്റെ 80 ശതമാനം ശമ്പള പരിഷ്ക്കരണത്തിന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. 1986 മുതൽ യു. ജി. സി. പേ റിവിഷനും എ. ഐ. സി. ടി. ഇ. പേറിവിഷനും ഒന്നിച്ചായിരുന്നു നടപ്പിലാക്കിയിരുന്നത്. അതുപോലെ തന്നെ ട്രേഡ് ഇൻസ്ട്രക്ടർമാർക്ക് ഐ.ടി.ഐ.-കളിലും പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ഒരേ ലിസ്റ്റിൽ നിന്ന് തന്നെയാണ് നിയമനം നടത്തുന്നതെങ്കിലും ഐ.ടി.ഐ. കളിലെ ആനുകൂല്യങ്ങളൊന്നും ഗവൺമെന്റ് കോളേജുകളിൽ ലഭിക്കുന്നില്ല. ഈ കാര്യം കൂടി ഗവൺമെന്റ് പരിഗണിക്കണം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ..... (ബഹളം)..... ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്.....(ബഹളം).....

[പ്രതിപക്ഷാംഗങ്ങൾ എണീറ്റുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ സബ്മിഷന് മറുപടി പറഞ്ഞില്ല.]

മി. സ്പീക്കർ : ഈ നിയമസഭയിൽ..... (ബഹളം) .....പ്ലീസ്..... (ബഹളം)..... പ്രത്യേകിച്ച് പത്താം കേരളനിയമസഭയിൽ എല്ലാ നടപടികളും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചു ചേർന്ന് നടത്തണമെന്ന് 100 ശതമാനം വിശ്വസിക്കുന്ന, ആഗ്രഹിക്കുന്ന ഒരാളാണ് ചെയർ. അതിനുവേണ്ടി കഴിഞ്ഞ നാലു വർഷക്കാലം ഓരോ നടപടിയെ സംബന്ധിച്ചും സൂക്ഷ്മമായി പരിശോധിച്ചു കൊണ്ട് എല്ലാ അർത്ഥത്തിലും പരിപൂർണമായ സഹകരണം തേടിക്കൊണ്ട് പരമാവധി വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട് പരമാവധി സാവകാശത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ചെയർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇന്നും ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും കക്ഷിനേതാക്കളോടും സംസാരിച്ചപ്പോൾ ഈ കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലും (സഭ ഇന്നവസാനിക്കുകയല്ല) തുടർന്നുള്ള സമ്മേളനങ്ങളിലും അങ്ങനെ തന്നെ ആയിരിക്കണമെന്ന നിർബന്ധബുദ്ധിയുള്ള ഒരാളാണ് ഞാൻ. അതു ഞാൻ വീണ്ടും അസന്നിഗ്ദ്ധമായി പറയാൻ ആഗ്രഹിക്കുകയാണ്. .....(ബഹളം).....ഇന്നുതന്നെ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന ..... (ബഹളം) ..... പ്ലീസ് ഹിയർ മീ..... ഇന്നുതന്നെ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന അസാധാരണമായ സ്ഥിതിവിശേഷം ഉണ്ടായപ്പോൾ സഭാനടപടികൾ നിർത്തിവയ്ക്കുക മാത്രമല്ല, നിർത്തിവച്ചത് ഒരു ചടങ്ങെന്ന നിലയിലല്ല, 45 മിനിറ്റുനേരം സഭാനടപടികൾ നിർത്തിവച്ച് കക്ഷിനേതാക്കളുമായി ചർച്ച നടത്തി പരമാവധി യോജിപ്പിച്ചുകൊണ്ടുപോകാനാണ് ചെയർ ശ്രമിച്ചത്..... (ബഹളം)..... അതുകൂടി കഴിഞ്ഞാൽ ചെയറിന് യാതൊരു നിർവ്വാഹവുമില്ലെന്ന കാര്യം ഞാൻ പറയേണ്ടതില്ല. ഈ സഭയിൽ തന്നെ, കേരള നിയമസഭയിൽ തന്നെ എത്രയോ അനുഭവങ്ങളുണ്ട്. ഒരു തവണപോലും സഭാനടപടികൾ നിർത്തിവയ്ക്കാതെ സഭയുടെ ബിസിനസ്സുകൾ നടത്തിയിട്ടുള്ള എത്രയോ അനുഭവങ്ങൾ കേരളനിയമസഭയിലുണ്ടായിട്ടുണ്ട്.....(ബഹളം).....ഒരിക്കലും അങ്ങനെ പോകാൻ ചെയർ ആഗ്രഹിക്കുന്നില്ല. പക്ഷേ സഭാനടപടികൾ തടസ്സമില്ലാതെ തുടരാൻ നിർവ്വാഹമില്ല എന്നൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഈ സന്നിഗ്ദ്ധമായ അവസ്ഥയിൽ സഭാനടപടികൾ നിറുത്തിവയ്ക്കാതെ സഭയുടെ മറ്റു ബിസിനസുകളിലേക്ക് പോകാൻ ചെയർ നിർബന്ധിതനായിരിക്കുന്നുവെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചുകൊണ്ട് മറ്റു നടപടികളിലേയ്ക്ക്, മറ്റു ബിസിനസ്സുകളിലേയ്ക്ക് കടക്കാൻ ചെയർ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ഈ സമയം പ്രതിപക്ഷത്തെ പിൻനിരയിലുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ നിന്ന് സഭാ നടപടികൾ തടസ്സപ്പെടത്തക്കവിധത്തിൽ ബഹളം വച്ചുകൊണ്ടിരുന്നു.]

VI റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.....(ബഹളം).....

(ഇതേസമയം സ്പീക്കർ നീതി പാലിക്കുക.....സ്പീക്കർ നീതി പാലിക്കുക എന്ന മുദ്രാവാക്യം പ്രതിപക്ഷാംഗങ്ങൾ വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ : ആ പരാമർശം ദയവായി ഒഴിവാക്കുക..... (ബഹളം)..... ശ്രീ. മാമ്മൻ മത്തായി, ആ പരാമർശം ദയവായി ഒഴിവാക്കണമെന്ന് ചെയർ അപേക്ഷിക്കുകയാണ്..... (ബഹളം തുടർന്നുകൊണ്ടിരുന്നു....)

VII നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം† ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു. (.....ബഹളം തുടരുന്നു.....)

ശ്രീ. പി. സി. ജോർജ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ആർ. ലതാദേവി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം 4

LIBRARY ARCHIVES Kerala Legislative Assembly